**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5986** **09-07-2024 - ൽ മറുപടിയ്ക്ക്**

**അരുവിക്കര മണ്ഡലത്തിൽ പ്രവർത്തന രഹിതമായി കിടക്കുന്ന വ്യവസായ സഹകരണ സംഘങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി സ്റ്റീഫൻ** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | അരുവിക്കര നിയോജക മണ്ഡലത്തിൽ പ്രവർത്തന രഹിതമായി കിടക്കുന്ന വ്യവസായ സഹകരണ സംഘങ്ങൾ ഏതെല്ലാമെന്ന് അറിയിക്കാമോ; | (എ) | അരുവിക്കര നിയോജകമണ്ഡല പരിധിയിൽ രജിസ്റ്റർ ചെയ്തതും നിലവിൽ പ്രവർത്തിക്കാത്തതുമായ സംഘങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

| | |
|---|---|
| 1 | ഉഴമലയ്ക്കൽ സ്കിൽ ഡെവലപ്പ്മെന്റ് മൾട്ടി പർപ്പസ് വ്യവസായ സഹകരണ സംഘം ലി നം T 942 |
| 2 | പൂവച്ചൽ സ്കിൽ ഡെവലപ്പ്മെന്റ് മൾട്ടി പർപ്പസ് വ്യവസായ സഹകരണ സംഘം ലി നം T 948 |
| 3 | കുറ്റിച്ചൽ സ്കിൽ ഡെവലപ്പ്മെന്റ് മൾട്ടി പർപ്പസ് വ്യവസായ സഹകരണ സംഘം ലി നം T 937 |
| 4 | പറണ്ടോട് സ്കിൽ ഡെവലപ്പ്മെന്റ് മൾട്ടി പർപ്പസ് വ്യവസായ സഹകരണ സംഘം ലി നം T 933 |
| 5 | അരുവിക്കര സ്കിൽ ഡെവലപ്പ്മെന്റ് മൾട്ടി പർപ്പസ് വ്യവസായ സഹകരണ സംഘം ലി നം T 932 |
| 6 | വെള്ളനാട് സ്കിൽ ഡെവലപ്പ്മെന്റ് മൾട്ടി പർപ്പസ് വ്യവസായ സഹകരണ സംഘം ലി നം T 927 |
| 7 | ആര്യനാട് സ്കിൽ ഡെവലപ്പ്മെന്റ് മൾട്ടി പർപ്പസ് വ്യവസായ സഹകരണ സംഘം ലി നം T 921 |
| 8 | തൊളിക്കോട് സ്കിൽ ഡെവലപ്പ്മെന്റ് മൾട്ടി പർപ്പസ് വ്യവസായ സഹകരണ സംഘം ലി നം 919 |
| 9 | മണമ്പൂർ മൾട്ടി വ്യവസായ സഹകരണ സംഘം 865 |

| | | | |
|---|---|---|---|
| | | | 10 മിത്രാനികേതൻ ഹരിജൻ ഹാൻഡിക്രാഫ്റ്റ് വ്യവസായ സഹകരണ സംഘം T 322.<br><br>ഇത് കൂടാതെ അരുവിക്കര നിയോജകമണ്ഡല പരിധിയിൽ രജിസ്റ്റർ ചെയ്തിട്ടുളളതും 15 വർഷത്തിലധികമായി പ്രവർത്തനരഹിതവുമായ 13 സംഘങ്ങളിൽ ലിക്വിഡേഷൻ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഇവയെ പ്രവർത്തനക്ഷമമാക്കുന്നതിന് സഹായകകരമായ രീതിയിൽ വകുപ്പിൽ നിന്നും സ്വീകരിച്ചിട്ടുള്ളതും, സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതുമായ നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ? | (ബി) | പ്രവർത്തന മൂലധനത്തിന്റെ അഭാവം കാരണമാണ് കൂടുതൽ സംഘങ്ങളും പ്രവർത്തനരഹിതമായത്. സ്കിൽ ഡെവലപ്പ്മെൻറ് മൾട്ടി പർപ്പസ് വ്യവസായ സംഘങ്ങളെ സഹായിക്കുന്നതിനായി സംരംഭകത്വ നൈപുണ്യ വികസന ധനസഹായ പദ്ധതിയും മറ്റ് വ്യവസായ സംഘങ്ങൾക്കായി Rejuvenation of Industrial Co-operative Society Support Scheme (New) എന്ന പദ്ധതിയും നിലവിൽ വന്നുവെങ്കിലും പദ്ധതിയിലെ മാർഗ്ഗരേഖയിലെ മാനദണ്ഡങ്ങൾ പാലിക്കാൻ കഴിയാത്തതിനാൽ മേൽ പരാമർശിച്ച ധനസഹായത്തിന് അപേക്ഷിക്കാൻ സംഘങ്ങളുടെ പരിമിതികൾക്കുള്ളിൽ നിന്ന് കൊണ്ട് അംഗങ്ങൾക്ക് തൊഴിൽ നൽകുന്നതിനും പെയ്ഡ് സെക്രട്ടറി നിയമനം നടത്തുന്നതിനും അതുവഴി പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ആഡിറ്റ് പൂർത്തിയാക്കുന്ന തിനും വേണ്ട നിർദ്ദേശങ്ങളും സഹായങ്ങളും നൽകിയിട്ടുണ്ട്. കൂടാതെ ധനസഹായ പദ്ധതിയുടെ മാർഗ്ഗരേഖയിൽ മാറ്റം വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ